

2018 ഓഗസ്റ്റ് 19
ആലപ്പുഴ ജില്ല

# അദ്ധ്യായം 1
# അവതാരിക



# 1 അവതാരിക

കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 14.52 ശതമാനവും പ്രളയ സാധ്യതയുള്ളതാണെന്ന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻ.സി.ഇ.എസ്.എസ്) കണക്കാക്കുന്നു [1] . ജനങ്ങളെയും, അടിസ്ഥാന സൗകര്യങ്ങളെയും, പരിസ്ഥിതിയെയും ബാധിക്കുന്ന ഏറ്റവും സാധാരണമായ പ്രകൃതി ദുരന്തമാണ് പ്രളയം. സംസ്ഥാനത്ത് പ്രളയം കൂടുതൽ പതിവുള്ളതും ഗുരുതരവുമായി മാറിക്കൊണ്ടിരിക്കുകയാണ്. കാലവർഷക്കാലത്തെ അതിതീവ്രമായ മഴ സംസ്ഥാനത്ത് പ്രളയത്തിന് കാരണമാകുമ്പോൾ പ്രളയ സമതലങ്ങളുടെ വർദ്ധിച്ചുവരുന്ന കൈവശപ്പെടുത്തലും, തണ്ണീർത്തടങ്ങളും ജലസ്രോതസുകളും വർഷങ്ങളായി ദുരുപയോഗം ചെയ്യുന്നതും പ്രളയക്കെടുതികൾ വർദ്ധിക്കുന്നതിന് കാരണമായി. അതിനാൽ സംസ്ഥാനത്തിന്റെ ദുരന്തനിവാരണ പ്രൊഫൈലിൽ പ്രളയ നിയന്ത്രണങ്ങൾക്ക് ഉയർന്ന മുൻഗണന നൽകേണ്ടതുണ്ട്. പ്രളയം മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നത് പ്രളയത്തിനുമുമ്പുള്ള തയ്യാറെടുപ്പുകൾ, പ്രളയ നിയന്ത്രണം, പ്രളയാനന്തര അവലോകനം എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

2005-ലെ ദുരന്തനിവാരണ നിയമപ്രകാരം കേരള സർക്കാർ 2007-ൽ കേരള ദുരന്തനിവാരണ നിയമങ്ങൾ ഉണ്ടാക്കുകയും സംസ്ഥാനത്തെ സമഗ്ര ദുരന്തനിവാരണത്തിനായി കേരള സംസ്ഥാന ദുരന്ത നിവാരണ നയം, 2010 പ്രഖ്യാപിക്കുകയും ചെയ്തു. ദുരന്തങ്ങൾ തടയുന്നതിനും ദുരന്തനിവാരണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുമുള്ള സംയോജിത നടപടികൾ സ്വീകരിക്കാൻ കഴിയുന്നവിധത്തിൽ വികസനപദ്ധതികളും പ്രോജക്ടുകളും രൂപീകരിക്കുന്നതിൽ സർക്കാരിലെ വിവിധ വകുപ്പുകൾ പിന്തുടരേണ്ട മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനാണ് റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ) രൂപീകരിച്ചത് (2007).

2018-ലെ പ്രളയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രളയ നിയന്ത്രണ നടപടികളുടെ ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമായിരുന്നോ എന്ന് വിലയിരുത്തുന്നതിനായി 2014-19 കാലയളവ് ഉൾപ്പെടുത്തിക്കൊണ്ട് 'കേരളത്തിലെ പ്രളയങ്ങൾ - മുന്നൊരുക്കവും പ്രതിരോധവും' എന്നതിനെക്കുറിച്ച് ഒരു പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തുകയുണ്ടായി.

## 1.1. പ്രളയനിയന്ത്രണത്തിനുള്ള ഘടനാ നില

കേരള സർക്കാർ രൂപീകരിച്ച (2007) ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.ഇ.സി) കെ.എസ്.ഡി.എം.എ[2] യെ അതിന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സഹായിക്കുന്നു. റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെ തലവൻ എസ്.ഇ.സിയുടെ കൺവീനർ ആയും കെ.എസ്.ഡി.എം.എയുടെ തലവൻ ആയും സ്റ്റേറ്റ് റിലീഫ് കമ്മീഷണർ ആയും പ്രവർത്തിക്കുന്നു.

ദുരന്തനിവാരണത്തിനായുള്ള ആസൂത്രണം, ഏകോപനം, നടപ്പാക്കൽ എന്നിവയ്ക്കായി പ്രവർത്തിക്കുന്നതിനും പ്രസക്തമായ എല്ലാ വകുപ്പുകളുടെയും വിഭവങ്ങൾ ജില്ലാതലത്തിൽ സമാഹരിക്കുന്നതിനുമായി 14 ജില്ലകളിലും ജില്ലാ മാനേജ്മെന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2016-ൽ അംഗീകരിച്ച കേരള ദുരന്ത നിവാരണ പ്ലാൻ അനുസരിച്ച് ജലവിഭവ വകുപ്പ് മുന്നൊരുക്കത്തിന്റെയും റവന്യൂ

[1] 2010-ൽ എൻ.സി.ഇ.എസ്.എസ് തയ്യാറാക്കിയ മൾട്ടി ഹസാർഡ് സോണേഷൻ മാപ്പുകളെ അടിസ്ഥാനമാക്കി കണക്കാക്കിയത്

[2] എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ ആയി മുഖ്യമന്ത്രിയും, ആഭ്യന്തര വിജിലൻസ് മന്ത്രി, കൃഷി വകുപ്പ് മന്ത്രി, റവന്യൂ ദുരന്തനിവാരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒൻപതു അംഗങ്ങളും ചേരുന്നതാണ് അതോറിറ്റി

ദുരന്തനിവാരണ വകുപ്പ് പ്രളയസമയത്തെ പ്രതികരണത്തിന്റെയും വീണ്ടെടുക്കലിന്റെയും നോഡൽ വകുപ്പുകളാണ്.

തക്കസമയത്തുള്ള വിലയിരുത്തലിനും, സത്വര പ്രതികരണവും ഫലവത്തായ തീരുമാനങ്ങളും സാധ്യമാക്കാനായി വിവരങ്ങൾ നൽകുന്നതിനും വേണ്ടി എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ സംസ്ഥാന തലത്തിലും (എസ്.ഇ.ഒ.സി), ജില്ലാതലത്തിലും (ഡി.ഇ.ഒ.സി) യഥാക്രമം കെ.എസ്.ഡി.എം.എയുടെയും ഡി.ഡി.എം.എകളുടെയും കീഴിൽ പ്രവർത്തിക്കുന്നു. ജലവിഭവ വകുപ്പും ഊർജ്ജ വകുപ്പും അവയുടെ കീഴിലുള്ള വിങ്ങുകൾ/ ഓഫീസുകൾ വഴി സംസ്ഥാനത്തെ പ്രളയ സാഹചര്യം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ദുരന്തസാധ്യത കുറയ്ക്കുന്നതിനുമായി ഘടനാപരവും ഘടനാപരമല്ലാത്തതുമായ നടപടികൾ സ്വീകരിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന ഓർഗനോഗ്രാമുകൾ സംസ്ഥാനത്തെ ദുരന്തനിവാരണത്തിന്റെ ഘടനാനില ചിത്രീകരിക്കുന്നു.

**ദുരന്തനിവാരണത്തിനായുള്ള സ്ഥാപനപരമായ ഘടനാനില**

**കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി**
- ദുരന്തനിവാരണ നിയമം 2005-ലെ വകുപ്പ് 14, ഉപവകുപ്പ് (1) അനുസരിച്ച് രൂപീകരിച്ചത്
- മുഖ്യമന്ത്രി (ചെയർപേഴ്സൺ)

**സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി**
- ദുരന്തനിവാരണ നിയമം, 2005-ലെ വകുപ്പ് 20 ഉപവകുപ്പ് (1) അനുസരിച്ച് രൂപീകരിച്ചത്
- സംസ്ഥാനത്തെ ചീഫ് സെക്രട്ടറി - സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും (വകുപ്പ് 14)

**സംസ്ഥാന റിലീഫ് കമ്മീഷണർ**
- അഡീഷണൽ ചീഫ് സെക്രട്ടറി-റവന്യൂ ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

ജില്ലാ ദുരന്തനിവാരണ അതോറിറ്റി, സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ/ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, മറ്റു ഏജൻസികൾ

**ദുരന്തനിവാരണത്തിനായുള്ള സ്ഥാപനപരമായ ഘടനാനില (തുടരുന്നു)**




## 1.2. ഓഡിറ്റ് ഉദ്ദേശ്യങ്ങൾ

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെ പറയുന്നവ വിലയിരുത്താനായിരുന്നു.

- പ്രളയ പരിപാലനത്തിന്റെ ആസൂത്രണം സമഗ്രവും ഫലവത്തുമായിരുന്നോ;
- പ്രളയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള നടപടികളുടെ നിർവഹണം ഫലപ്രദമായിരുന്നോ;
- 2018-ലെ പ്രളയങ്ങളുടെ മുന്നൊരുക്കവും പ്രതികരണവും പര്യാപ്തവും സമയോചിതവുമായിരുന്നോ.

## 1.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

ചുവടെ കൊടുത്തിരിക്കുന്ന രേഖകളിൽ നിന്ന് ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെയാണ് ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് അടിസ്ഥാനമാക്കിയത്:

- ദുരന്ത നിവാരണ നിയമം 2005
- പ്രളയത്തിന്റെ പരിപാലനത്തെക്കുറിച്ചുള്ള ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ 2008-ലെ മാർഗ്ഗരേഖ
- കേരള സംസ്ഥാന ദുരന്തനിവാരണ ചട്ടങ്ങൾ 2007
- സംസ്ഥാന ദുരന്തനിവാരണ നയം 2010

- ദേശീയ ദുരന്തനിവാരണ പ്ലാൻ 2016
- സംസ്ഥാന ദുരന്തനിവാരണ പ്ലാൻ 2016
- ദേശീയ ജല നയം 2002, 2012
- കേന്ദ്രസർക്കാരും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകൾ, സർക്കുലറുകൾ, കോഡുകൾ, മാനുവലുകൾ, കെ.എസ്.ഡി.എം.എ യുടെയും മറ്റു നിർവ്വഹണ ഏജൻസികളുടെയും മാർഗ്ഗരേഖകൾ, തുടങ്ങിയവ.

## 1.4. ഓഡിറ്റിന്റെ വ്യാപ്തിയും സമ്പ്രദായവും

14 ജില്ലകളിൽ നാല് എണ്ണത്തിനെ (25 ശതമാനം) പരിശോധന നടത്തുന്നതിന് തെരഞ്ഞെടുക്കുന്നതിനായി ഓഡിറ്റ് രണ്ട് ഘട്ടത്തിലുള്ള സാംപ്ലിംഗ് സമ്പ്രദായമാണ് സ്വീകരിച്ചത്. വലിയ അണക്കെട്ടുകളുടെ പരമാവധി കേന്ദ്രീകരണമുള്ളതുകൊണ്ട് ഇടുക്കി ജില്ലയെ തെരഞ്ഞെടുത്തപ്പോൾ ശേഷിച്ച മൂന്നു ജില്ലകളായ ആലപ്പുഴ, എറണാകുളം, തൃശൂർ എന്നിവയെ റിസ്ക് ബേസ്ഡ് സാംപ്ലിങ്ങിലൂടെ തെരഞ്ഞെടുത്തു. 2018-ലെ പ്രളയം ഏറ്റവും കൂടുതലായി ബാധിച്ച നാലു ജില്ലകളിലെ എട്ടു താലൂക്കുകൾ[3] (ഓരോ ജില്ലയിൽ നിന്നും രണ്ടു വീതം) വിശദമായ പരിശോധനയ്ക്ക് തെരഞ്ഞെടുത്തു. ഓഡിറ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ വിശദമായ പട്ടിക **അനുബന്ധം 1.1**-ൽ കൊടുത്തിരിക്കുന്നു.

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ ദുരന്തനിവാരണ വകുപ്പ്, ജലവിഭവ വകുപ്പ് എന്നിവയുടെയും പ്രളയ നിയന്ത്രണത്തിനായി സംസ്ഥാന/ജില്ലാ/താലൂക്ക്/ വില്ലേജ് തലങ്ങളിലെ കെ.എസ്.ഡി.എം.എ, എസ്.ഇ.ഒ.സി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം), ഭാരത കാലാവസ്ഥ നിരീക്ഷണ വകുപ്പ് (ഐ.എം.ഡി), കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് തുടങ്ങിയവ ഉൾപ്പെടെ വിവിധ ഏജൻസികളുടെയും [4], 2014-19 കാലയളവിലെ പ്രസക്ത രേഖകളുടെ പരിശോധന നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് 2019 മെയ് മുതൽ 2020 ഫെബ്രുവരി വരെ നടന്നു. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ ദുരന്തനിവാരണ വകുപ്പ്, സെക്രട്ടറി, ജലവിഭവ വകുപ്പ് (ഊർജ്ജ വകുപ്പിന്റെയും സെക്രട്ടറി ആയിരുന്നു), ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഉൾപ്പെടെയുള്ള ഓഡിറ്റു ചെയ്ത സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവരുമായി 2019 ജൂൺ 18-ന് നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, പരിശോധന നടത്തുന്ന ജില്ലകളുടെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് സമ്പ്രദായം എന്നിവ ചർച്ച ചെയ്തു.

ഓഡിറ്റ് അവസാനിച്ചതിനു ശേഷം സർക്കാരിന്റെ അഭ്യർത്ഥന അനുസരിച്ചും കോവിഡ് പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിലും ഓഡിറ്റ് കണ്ടെത്തലുകളും ഓഡിറ്റ് ശുപാർശകളും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന വിവിധ വകുപ്പുകളുമായി വിവിധ ദിവസങ്ങളിലായി വീഡിയോ കോൺഫറൻസിങ്ങിലൂടെ അന്തിമ കൂടിക്കാഴ്ചയിൽ വിശദമായി ചർച്ച ചെയ്തു. ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള സർക്കാരിന്റെ എല്ലാ മറുപടികളും പരിഗണിച്ചാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയത്. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ ദുരന്തനിവാരണ വകുപ്പ്, കമ്മീഷണർ, ദുരന്തനിവാരണം, മെമ്പർ സെക്രട്ടറി, കെ.എസ്.ഡി.എം.എ എന്നിവരുമായി 2021 ജനുവരി 18 നും, സെക്രട്ടറി, ഊർജ്ജ വകുപ്പ്, ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് എന്നിവരുമായി 2021 ജനുവരി

---

[3] ആലപ്പുഴ ജില്ല: കുട്ടനാട്, ചെങ്ങന്നൂർ, എറണാകുളം ജില്ല: ആലുവ, പറവൂർ, തൃശ്ശൂർ ജില്ല: ചാലക്കുടി, തലപ്പിള്ളി, ഇടുക്കി ജില്ല: ഇടുക്കി, ദേവികുളം താലൂക്ക് ഓഫീസുകൾ

[4] ജലസേചന വകുപ്പിലെ ചീഫ് എൻജിനീയറുടെ ഓഫീസ്, ഡാം സുരക്ഷാ ഓഫീസുകൾ, പരിശോധന നടത്തിയ അണക്കെട്ടുകളിലെ കെ.എസ്.ഇ.ബി.എൽ/ ഇറിഗേഷൻ ഡിവിഷൻ ഓഫീസുകൾ, തെരഞ്ഞെടുത്ത ജില്ലകളിലെ ദുരന്തനിവാരണ അതോറിറ്റികളുടെയും എമർജൻസി ഓപ്പറേഷൻസ് സെന്ററുകളുടെയും ഓഫീസുകൾ, താലൂക്കുകളിലെ ദുരന്തനിവാരണ വിഭാഗങ്ങൾ

23-നും, അഡീഷണൽ ചീഫ് സെക്രട്ടറി, ജല വിഭവ വകുപ്പുമായി 2021 ഫെബ്രുവരി 2-നും അന്തിമ കൂടിക്കാഴ്ചകൾ നടത്തി[5].

തെരഞ്ഞെടുത്ത ഓഫീസുകളിലെ രേഖകൾ പരിശോധിക്കുക, വകുപ്പിലെ ഉദ്യോഗസ്ഥരുമൊരുമിച്ച് അണക്കെട്ട് പരിസരം, നദീതടങ്ങൾ, പ്രളയ സാധ്യതാ പ്രദേശങ്ങൾ, പ്രളയ പരിപാലനത്തിനുള്ള നിർമ്മിതികൾ എന്നിവിടങ്ങളിൽ സംയുക്ത ഫീൽഡ് പരിശോധന നടത്തി. പരിശോധന നടത്തിയ ജില്ലകളിൽ പ്രളയ ബാധിതരായ 800 പേരുടെ സർവ്വേയും ഓഡിറ്റ് നടത്തി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ഐ.ഐ.എസ്സ്.സി), ബാംഗ്ലൂരിനെ ഹൈഡ്രോളജിക്കൽ വീക്ഷണത്തോടെ 2018 ഓഗസ്റ്റിലെ കേരളത്തിലെ പ്രളയങ്ങളെക്കുറിച്ച് പഠിക്കാൻ ഓഡിറ്റ് കൺസൾട്ടന്റായി ഏർപ്പെടുത്തി. പഠനം നടന്നത് 5,159.71 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന പെരിയാർ നദീതടത്തിലാണ്. ഒരു പ്രതിസന്ധി കൈകാര്യം ചെയ്ത കാലയളവിനെക്കുറിച്ച് അതായത് 2018 ഓഗസ്റ്റിലെ പ്രളയങ്ങളെക്കുറിച്ച് ഐ.ഐ.എസ്.സി ബാംഗ്ലൂർ നടത്തിയ സിമുലേഷൻ പഠനങ്ങളെ ഓഡിറ്റ് ആശ്രയിക്കുന്നതിൽ സർക്കാർ ആശങ്ക അറിയിച്ചിരുന്നു. സാങ്കേതിക വിദഗ്ദ്ധരുടെ സിമുലേഷൻ പഠനം, പ്രളയാനന്തരം നടത്തിയതാണെങ്കിൽ പോലും പ്രതിസന്ധി കൈകാര്യം ചെയ്യാൻ വിശ്വസനീയവും സൃഷ്ടിപരവുമായ ഉപകരണമാണെന്നാണ് ഓഡിറ്റിന്റെ പ്രതികരണം. ഈ സന്ദർഭത്തിൽ, അന്ന് ലഭ്യമായിരുന്ന ഡേറ്റ ഉപയോഗിച്ച് റിസർവോയർ പ്രവർത്തനങ്ങൾ വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യാനാവുമായിരുന്നോ എന്ന് പരിശോധിക്കാനും അതുവഴി ഭാവിയിൽ ഉണ്ടാകാനിടയുള്ള ഇത്തരം വെല്ലുവിളികൾ നിറഞ്ഞ സന്ദർഭങ്ങളെ കൈകാര്യം ചെയ്യാൻ മെച്ചപ്പെട്ട മുന്നൊരുക്കങ്ങൾ സാധ്യമാക്കാനും വേണ്ടി 2018 പ്രളയങ്ങളിലെ ഹൈഡ്രോളജിക്കൽ പശ്ചാത്തലം പുനസൃഷ്ടിക്കാനുള്ള ഈ പ്രവർത്തനം പ്രയോജനകരമായിരുന്നു.

## 1.5. കൃതജ്ഞത

പ്രവർത്തനക്ഷമത ഓഡിറ്റിന്റെ നടത്തിപ്പിന് സർക്കാരിന്റെ റവന്യൂ ദുരന്തനിവാരണ വകുപ്പും ജലവിഭവ വകുപ്പും ഊർജ്ജ വകുപ്പും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു. കേന്ദ്ര ജല കമ്മീഷൻ, ഭാരത കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്, ഡാം സുരക്ഷാ ഓർഗനൈസേഷൻ, കോട്ടയം, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തിനും അത്യന്തം നന്ദി രേഖപ്പെടുത്തുന്നു. 2018-ലെ പ്രളയങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയ ഐ.ഐ.എസ്.സി ബാംഗ്ലൂരിലെ പ്രൊഫസർ പി. പ്രദീപ് മജുംദാറിന്റെയും സംഘത്തിന്റെയും പരിശ്രമങ്ങൾക്കും അഭിനന്ദനം അറിയിക്കുന്നു. ഓഡിറ്റ് മറ്റുള്ളവയോടൊപ്പം റിസർവോയർ പ്രവർത്തനങ്ങളെയും ഭൂവിനിയോഗ ഭൂആവരണങ്ങളിലെ മാറ്റത്തിന്റെ ആഘാതങ്ങളെയും കുറിച്ച് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾക്ക് കൺസൾട്ടന്റിന്റെ പഠനങ്ങളെ ആശ്രയിച്ചിട്ടുണ്ട്.

[5] എക്സിക്യൂട്ടീവ് ഡയറക്ടർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡുമായി 2021 ജനുവരി 29-ന് ചർച്ച നടത്തി.